(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പാൽ എത്തിക്കുന്നത് നിരുൽസാഹപ്പെടുത്തുന്നതിനും കേരളത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശമില്ല.

(ബി) സർക്കാരിന്റെ ഉടമസ്ഥതയിൽ പാൽപ്പൊടി നിർമ്മാണശാല പ്രവർത്തിക്കുന്നില്ല. എന്നാൽ മിൽമയുടെ ഉടമസ്ഥതയിൽ ആലപ്പുഴയിൽ പാൽപ്പൊടി നിർമ്മാണശാല പ്രവർത്തിക്കുന്നുണ്ട്.

(സി) 2004-2005 വർഷത്തെ പ്രൊവിഷണൽ കണക്കുപ്രകാരം പ്രതിമാസം 1.83 ലക്ഷം മെട്രിക്ക് ടൺ പാൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചതായും അത്രയും പാലിന്റെ ഉപഭോഗം സംസ്ഥാനത്തിനകത്ത് നടന്നതായും കണക്കാക്കപ്പെടുന്നു.

(ഡി) സംഭരണത്തേക്കാൾ വിപണനമുള്ളപ്പോൾ മിൽമ അയൽ സംസ്ഥാന (തമിഴ്നാട്, കർണ്ണാടക) സഹകരണ ക്ഷീരവിപണന ഫെഡറേഷനുകളുമായി കരാറിൽ ഏർപ്പെട്ടു പാൽ കൊണ്ടുവരുന്നുണ്ട്. അതോടൊപ്പം കേരളത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

മിൽമ പാലിന്റെ വിലവർദ്ധനവ്

285 [1273] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ പാലിന് 2000, 2001, 2002, 2003, 2004 വർഷങ്ങളിലെ മാർച്ച് മാസത്തെ വില എത്രയാണ്;

(ബി) 2005-ൽ മിൽമ പാലിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്നും എത്ര ശതമാനം വർദ്ധനയാണ് നടപ്പിൽ വരുത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000, 2001, 2002, 2003, മാർച്ച് മാസത്തെ വിപണന വില 13 രൂപയും, 2004 മാർച്ച് മാസത്തെ വില 14 രൂപയുമാണ്.

(ബി) 2005 ഏപ്രിൽ 21 മുതൽ മിൽമ പാലിന്റെ വില ലിറ്ററിന് 15 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 7.1% വർദ്ധനവാണ് നടപ്പിൽ വരുത്തിയത്.

പാലിന്റെയും ഇറച്ചിക്കോഴിയുടേയും ഉൽപ്പാദനം

286 [1274] *ശ്രീ. ഷിബു ബേബി ജോൺ:*

„ *ടി. എം. ജേക്കബ്:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ വിപുലമായി ഉൽപ്പാദിപ്പിച്ചും പുൽക്കൃഷി വ്യാപകമാക്കിയും പാലിന്റെയും ഇറച്ചിക്കോഴിയുടെയും ഉല്പാദനം വർദ്ധിപ്പിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനത്തെത്തുടർന്ന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) 2001-ന് ശേഷം പാലിന്റെയും ഇറച്ചിക്കോഴിയുടെയും ഉൽപ്പാദനം എത്ര കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സ്, മിൽമ എന്നിവ കാലിത്തീറ്റയും, എം.പി.ഐ. ലിമിറ്റഡ് കോഴിത്തീറ്റയും ഉല്പാദിപ്പിക്കുന്നുണ്ട്. പുൽകൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വീവേജ്ഫാമിൽ പുൽക്കടകൾ ഉപയോഗിച്ച് പുൽകൃഷി നടത്തിവരുന്നുണ്ട്. അത്യുൽപ്പാദനശേഷിയുള്ള സി.ഒ. ത്രീ ഇനം പുൽക്കടകളാണ് തീറ്റപ്പുൽകൃഷി വികസന പരിപാടി മുഖേന സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്. ഇതിലേക്കായി ക്ഷീരവികസന വകുപ്പ് 190 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പുൽകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കെ.എൽ.ഡി. ബോർഡ് ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ ഒരു ബൃഹത് പദ്ധതി ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. കർഷകർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി പുൽവിത്ത്, പുൽതൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുവാൻ കെ.എൽ.ഡി. ബോർഡ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി പുൽവിത്ത് വിതരണം ചെയ്തുവരുന്നു. കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഉൽപ്പാദനം 2000-2001-ൽ 41994.17 മെട്രിക് ടൺ ആയിരുന്നത് 2004-2005-ൽ 1,25,569 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുകയുണ്ടായി. കേരള ഫീഡ്സിന്റെ കല്ലേറ്റുംകരയിലുള്ള കമ്പനിയുടെ ഉൽപ്പാദനശേഷി 500 ടണ്ണിൽ നിന്നും 650 ടണ്ണായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) 2001-നുശേഷം പാലിന്റെയും ഇറച്ചിക്കോഴിയുടെയും പ്രതിവർഷ ഉൽപ്പാദനം താഴെ കൊടുക്കുന്നു:

വർഷം	*പാൽ*	*ഇറച്ചിക്കോഴി എണ്ണം (ലക്ഷത്തിൽ)*
2001-2002	27.17 (എം. റ്റി)	238.4
2002-2003	24.19	262.00
2003-2004	21.11	281.00
2004-2005	22.00 (പ്രൊവിഷണൽ)	272.5

LIBRARY ARCHIVES Kerala Legislative Assembly